പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

* നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ .77 — 06.06.2018 ൽ മറുപടിയ്ക്ക്

## വനം കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിന് നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.പി.ടി. തോമസ്<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.എ.പി. അനിൽ കുമാർ | | ശ്രീ.കെ.രാജു<br>(ബഹു.വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) | വനം കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന കേരള ഹൈക്കോടതിയുടെ വിധി നടപ്പിലാക്കുന്നതിന് ഇതിനകം സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | (എ) | 4.09.2015 ലെ ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട് -<br>1) കോടതി ഉത്തരവ് അനുസരിച്ച് 20.01.2016 തീയതിയിലെ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ 6 ാമത് സ്റ്റേറ്റ്ലെവൽ മോണിറ്ററിംഗ് കമ്മിറ്റി യോഗത്തിൽ വിശദമായ ചർച്ചയ്ക്ക് വയ്ക്കുകയും. യോഗ തീരുമാനപ്രകാരം ലാന്റ് കൺസർവൻസി ആക്ട് പ്രകാരം നടപടികൾ സ്വീകരിക്കുവാൻ റവന്യൂ വകുപ്പിനോട് ആവശ്യപ്പെടുകയും ചെയ്തു.<br>2) ലാന്റ് കൺസർവൻസി ആക്ട് പ്രകാരം നടപടികൾ സ്വീകരിക്കാൻ കയ്യേറ്റക്കാരുടെ ലിസ്റ്റ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നൽകി.<br>3) ഏതാനും സ്ഥലങ്ങളിൽ വനം കൈയ്യേറ്റക്കാർക്ക് വനം വകുപ്പ് നേരിട്ട് നോട്ടീസ് നൽകിയിട്ടുണ്ട്.<br>4) 04.09.2015 ലെ ബഹു. ഹൈക്കോടതിവിധി പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നോട്ടീസ് നൽകുന്നതിനും, കയ്യേറ്റം ഒഴിപ്പിക്കൽ നടപടികൾ പൂർത്തിയാക്കി ബഹു. കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കുന്നതിനും അധിക സമയവും നോട്ടീസ് നൽകുന്ന കാര്യ |

| | | | |
|---|---|---|---|
| | | | [illegible] സർക്കാർ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. അതിന്മേൽ അന്തിമ ഉത്തരവ് ആയിട്ടില്ല<br>5) പുതുതായി കണ്ടെത്തുന്ന കയ്യേറ്റങ്ങൾ അപ്പോൾതന്നെ ഒഴിപ്പിക്കുകയും പുതിയ കയ്യേറ്റങ്ങൾ ഉണ്ടാകാതിരിക്കുന്നതിന് ശ്രദ്ധിക്കുകയും ചെയ്യുന്നുണ്ട്. |
| (ബി) | വനം വകുപ്പിന്റെ കണക്ക് പ്രകാരം 1.1.1977 ന് ശേഷം എത്ര ഹെക്ടർ വനഭൂമി കയ്യേറിയതായി കണ്ടെത്തിയിട്ടുണ്ട് ; | (ബി) | വനം വകുപ്പ് 2015-16 സാമ്പത്തിക വർഷം വരെ നടത്തിയ കണക്കെടുപ്പനുസരിച്ച് 01.01.1977 നു ശേഷം 19276.5181 ഏക്കർ (7801.10 ഹെക്ടർ) വനഭൂമി കയ്യേറിയെന്നാണ് കണ്ടെത്തിയിട്ടുള്ളത്. |
| (സി) | ഇതു പ്രകാരം ഏറ്റവും കൂടുതൽ കയ്യേറ്റം നടന്നിട്ടുള്ളത് ഏത് ഡിവിഷന്റെ കീഴിലാണെന്ന് വെളിപ്പെടുത്തുമോ; | (സി) | മണ്ണാർക്കാട് ഡിവിഷൻ |
| (ഡി) | ഹൈക്കോടതി ഉത്തരവ് നടപ്പിലാക്കുന്നതിന് നിലവിൽ എന്തെങ്കിലും പ്രതിബന്ധം ഉണ്ടോ; വിശദമാക്കുമോ; | ഡി) | വനഭൂമി കയ്യേറ്റക്കാരുടെ സംഘടിതമായ ചെറുത്തുനിൽപ്പും, വിവിധ സംഘടനകളുടെ നേതൃത്വത്തിലുള്ള പ്രക്ഷോഭ പരിപാടികളും, പ്രദേശിക രാഷ്ട്രീയവും മതപരവുമായ ഇടപെടലും, വിവിധ കോടതികളിൽ കയ്യേറ്റവുമായി ബന്ധപ്പെട്ട് തീർപ്പാക്കാതെ കിടക്കുന്ന കേസുകൾ എന്നിവയെല്ലാം തന്നെ കയ്യേറിയ വനഭൂമി തിരിച്ച് പിടിക്കുന്നതിന് വിഘാതമായി നിൽക്കുന്ന ഘടകങ്ങളാണ്. |
| ഇ) | വിധി നടപ്പിലാക്കി കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കുവാൻ കൂടുതൽ സമയം അനുവദിക്കണമെന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ എത്ര സമയം അനുവദിച്ചിട്ടുണ്ട് എന്നറിയിക്കാമോ? | ഇ) | കൂടുതൽ സമയം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹു. ഹൈക്കോടതി മുമ്പാകെ സമർപ്പിച്ച അപേക്ഷകൾ (14.1248/16,14.1250/16 ആവശ്യപ്പെട്ട കാലയളവ് അധികരിച്ചതിനാൽ തീർപ്പാക്കി ഉത്തരവായതായി അറിവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ